# Mathrubhumi

## 22 August 2018

## Kochi, After Flood, Flood Victims, Widespread Damage



# ഇനിയൊന്നും ബാക്കിനും...

### കോഴിക്കൂട് മുതൽ ആധാരം വരെ പോയി

കൊച്ചി ▸ "കോഴിക്കൂട് മുതൽ ആധാരം വരെ വെള്ളം കയറി പോയി. അന്നമായിരുന്ന ചായക്കടയും വെള്ളം കയറി നശിച്ചു. ഇനി ഒന്നുമില്ല നശിക്കാൻ" - ദുരിതാശ്വാസ ക്യാമ്പിൽനിന്ന് വീട്ടിലേക്കെത്തിയ വെളിയത്തുനാട് അടുവാതുരുത്തിലെ അറയ്ക്കൽകണ്ടം പരമേശ്വരൻെറ ഭാര്യ തങ്കമണിയുടെ വാക്കുകളാണിത്.

15-ന് രാവിലെയാണ് വെള്ളം ഉയർന്നത്. നിമിഷ നേരം കൊണ്ട് വീടിൻെറ നാലുവശവും വെള്ളം വളഞ്ഞു. അരയ്ക്കുമുകളിൽ വെള്ളം വന്നതോടെ പരമേശ്വരനും ഭാര്യ തങ്കമണിയും മകളുടെ കുടുംബത്തെയും വയോധികയായ അമ്മിണിയമ്മയെയും കൂട്ടി യു.സി. കോളേജിലെ ക്യാമ്പിലേക്ക്. ക്യാമ്പിലേക്ക് പോകുമ്പോഴും പ്രതീക്ഷയുണ്ടായിരുന്നു, ഒന്നും നഷ്ടമാകില്ലെന്ന്. എന്നാൽ തിരികെയെത്തിയ അവർ കണ്ടത് ചെളിയിൽ മുങ്ങിയ വീടാണ്. ചെളിയും വെള്ളവും വീട്ടുപകരണങ്ങളും ആധാരമടക്കമുള്ള രേഖകളും പോയി.

വീട്ടിൽ പത്ത് അടിയിലേറെ ഉയരത്തിൽ വെള്ളം കയറി എന്ന വിവരം അറിഞ്ഞപ്പോഴും പരമേശ്വരന് വിശ്വാസമുണ്ടായിരുന്നു, എല്ലാം ചായക്കട നടത്തി തിരികെ പിടിക്കാമെന്ന്. എന്നാൽ ചായക്കടയും വെള്ളം കൊണ്ടുപോയി എന്നറിഞ്ഞതോടെ അദ്ദേഹം തളർന്നു. ഇനി എന്ത് ചെയ്യണമെന്നറിയില്ല. വീട്ടിലെ ചെളി കഴുകി ഇവിടേക്ക് താമസം മാറണമെന്നുണ്ട്. എന്നാൽ മൂന്നു ദിവസത്തോളം പരിശ്രമിച്ചാലേ അത് സാധ്യമാകൂ. വീടിൻെറ പരിസരമാകെ ചെളിയിൽ മുങ്ങി കിടക്കുകയാണ്. വീട്ടിലേക്കുള്ള റോഡും ചെളിക്കുളമാണ്. വെള്ളമില്ലാത്തതിനാൽ വീടിനകം കഴുകി വൃത്തിയാക്കാനും സാധിക്കുന്നില്ല.

വീട് വൃത്തിയാക്കിയ ശേഷം വയോധികയായ അമ്മിണിയമ്മയുമായി വരാം എന്ന് കരുതി വന്നതാണ് പരമേശ്വരനും തങ്കമണിയും. എന്നാൽ വീടും പരിസരവും കണ്ടതോടെ ഒന്നുറപ്പിച്ചു, ചെളി മുഴുവൻ മാറ്റി വീട് വൃത്തിയാക്കുക വെള്ളമില്ലാതെ അസാധ്യം. നിരാശയോടെ പരമേശ്വരനും തങ്കമണിയും ക്യാമ്പിലേക്ക് മടങ്ങി.

ദുരിതാശ്വാസ ക്യാമ്പിൽ നിന്ന് വെളിയത്തുനാട് അടുവാതുരുത്തിലെ അറക്കൽകണ്ടം പരമേശ്വരനും ഭാര്യ തങ്കമണിയും വീട്ടുമുറ്റത്തെത്തിയപ്പോൾ
- ഫോട്ടോ: എം വി. സിനോജ്